# മഴവില്ലാണോ നിന്നമ്മ



പൂവുകൾ തെണ്ടും പൂമ്പാറ്റ
പൂമ്പൊടി പൂശും പൂമ്പാറ്റ
പൂന്തേനുണ്ണും പൂമ്പാറ്റ
പൂവിൽ മയങ്ങും പൂമ്പാറ്റ!

എന്തു വെളിച്ചം പൂമ്പാറ്റ!
എന്തു തെളിച്ചം പൂമ്പാറ്റ!
മുങ്ങാം പൊങ്ങാം കുളിർനിഴലിൽ,
നീന്താം മറിയാം പൊൻവെയിലിൽ!



ഒന്നു തൊടട്ടേ നിൻ ചിറകിൽ?
നിന്നുതരാമോ നീയരികിൽ?
മഴവില്ലാണോ നിന്നമ്മ!
തരുമോ നീയൊരു കുഞ്ഞുമ്മ?

*ജി. ശങ്കരക്കുറുപ്പ്*

# പൂമ്പാറ്റ



പൂവുകൾ തോറും പാറിനടക്കും
പൂഞ്ചിറകുള്ളൊരു പൂമ്പാറ്റേ!
ഒന്നു തൊടാൻ കൈ നീട്ടുമ്പോൾ
പങ്ങിപ്പങ്ങിപ്പോവുകയോ?

ഇലയുടെയടിയിൽ മുട്ടയിടാനായ്
അകലുകയാണോ പൂമ്പാറ്റേ!
അഴകില്ലാത്തൊരു പുഴുവായ് നീ
കഴിയുന്നൂ ചില നാളുകളിൽ



തോലിനകത്തു സമാധിയിരിക്കും
മേലഴകുള്ളൊരു സന്യാസി
തോലു പിളർന്നു പുറത്തുവരും നീ
മോടി കലർന്നൊരു പൂമ്പാറ്റേ

*വി. കെ. വിശ്വംഭരൻ*

# മാവേലി നാടുവാണീടും കാലം

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും

ആധികൾ വ്യാധികളൊന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം



വെള്ളിക്കോലാദികൾ നാഴികളു-
മെല്ലാം കണക്കിനു തുല്യമായി
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല

# നേരാണ്…….

നേരാണ്, നമ്മൾക്കുണ്ടായിരുന്നു
സൂര്യനെപ്പോലെയൊരപ്പൂപ്പൻ
മുട്ടോളമെത്തുന്ന കൊച്ചുമുണ്ടും
മൊട്ടത്തലയും തെളിഞ്ഞ കണ്ണും
മുൻവരിപ്പല്ലില്ലാപ്പുഞ്ചിരിയും
വെൺനുര ചൂടും വിരിഞ്ഞ മാറും
നേരാണ്, നമ്മൾക്കുണ്ടായിരുന്നു
സൂര്യനെപ്പോലെയൊരപ്പൂപ്പൻ
നീളൻ വടിയൂന്നി നിന്നു ചൊല്ലി
ദേവനെപ്പോലെയൊരപ്പൂപ്പൻ



“തങ്ങളിൽ സ്നേഹിക്ക നിങ്ങളെന്നും
അമ്മയെ സേവിക്ക നിങ്ങളെന്നും
സത്യം പറയുക നിങ്ങളെന്നും
മക്കളേ നന്നായ്‌വരട്ടെ നിങ്ങൾ”
നേരാണ്, നമ്മൾക്കുണ്ടായിരുന്നു
സൂര്യനെപ്പോലെയൊരപ്പൂപ്പൻ

*സുഗതകുമാരി*

# പൂക്കാലം

കുഞ്ഞിക്കുയിലേ കുഞ്ഞിക്കുയിലേ
കുഴലുംകൊണ്ടു പറന്നു വരൂ
കാവുകൾ തോറും പീലികുടഞ്ഞു
കണ്ണുകൾ കവരും പൂക്കാലം



നീലക്കുരുവീ നീലക്കുരുവീ
ചേലിൽ നർത്തനമാടി വരൂ.
കാവുകൾ തോറും പൂക്കണിവെച്ചൂ
കണ്ണുകൾ കവരും പൂക്കാലം



പച്ചത്തത്തേ പാടംതത്തേ
കൊച്ചടിവെച്ചു നടന്നു വരൂ.
വള്ളികൾതോറും തോരണമിട്ടൂ
ഉള്ളംകവരും പൂക്കാലം

*സിപ്പി പള്ളിപ്പുറം*